പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2557

19.6.2013 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാര വികസനത്തിനായി ഉപദേശക സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) വിനോദസഞ്ചാര വികസനത്തിനായി ഉപദേശക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br>വിശദമാക്കുമോ; ; | എ) ഉണ്ട്. 05.09.2012 ലെ ജി.ഒ.(ആർ.ടി)നം.7415/12/ ടി.എസ്.എം. അനുസരിച്ച് ടൂറിസം വ്യവസായത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരായ 19 വ്യക്തികൾ അംഗങ്ങളായും ടൂറിസം സെക്രട്ടറി. ടൂറിസം ഡയറക്ടർ, കെ.ടി.ഡി.സി. ചെയർമാൻ, കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ എന്നിവർ എക്സ് ഓഫിഷ്യോ അംഗങ്ങളായും ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;<br>വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം, വിനോദ സഞ്ചാര ഉത്പന്നങ്ങളുടെ വികസനം, വിപണന തന്ത്രങ്ങൾ, വിപണിയെക്കുറിച്ചുള്ള പഠനം, മാനവശേഷി വികസനം തുടങ്ങിയ കാര്യങ്ങളിൽ ടൂറിസം വകുപ്പിന് ഉപദേശം നൽകുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വിനോദ സഞ്ചാര നയരൂപീകരണത്തിലും ടൂറിസം വികസനത്തിലും സ്വകാര്യ സംരംഭകരുടെയും ടൂറിസം വ്യവസായത്തിലെ പങ്കാളികളുടെയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;<br>വിശദമാക്കുമോ; | സി) ഏജൻസികളുമായി ഇതിനു നേരിട്ടു ബന്ധമില്ല. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;<br>വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) ഉപദേശക സമിതിയുടെ ആദ്യ യോഗം 2013 മാർച്ച് മാസം ഒന്നാം തീയതി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് ബഹു ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് എടുത്ത തീരുമാനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ